"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - കോയമ്പത്തൂർ ശ്രീ. അഭിരാമി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസിൽ B.Sc Physician Assistant കോഴ്സ് പഠിതാവായ കുമാരി. നിവേദ്യ ആനന്ദിന് പ്രത്യേക പരിഗണന നല്കി ലാപ്ടോപ് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവാകുന്നു

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പിഎം) വകുപ്പ്**

സ.ഉ.(സാധാ) നം.979/2024/SCSTD തീയതി,തിരുവനന്തപുരം, 14-11-2024

പരാമർശം:- 1. 16/03/2024 ലെ സഉ(സാധാ)നം.190/2024/പജപവവിവ

2 പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 12/04/2024, 16/10/2024 തീയതികളിലെ STDD/977/2024-C3 നമ്പർ കത്തുകൾ

**ഉത്തരവ്**

പട്ടിജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനുള്ള സ്കോളർഷിപ്പ് അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ട്രാൻസ്ജെൻഡർ ആയ അടിച്ചിപ്പുഴ തേമ്പാവുംമൂട്ടിൽ കുമാരി. നിവേദ്യ ആനന്ദ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അപേക്ഷക കോയമ്പത്തൂർ ശ്രീ. അഭിരാമി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിൽ B.Sc Physician Assistant കോഴ്സ് പഠിതാവാണെന്നും ലാപ്ടോപ് അനുവദിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുള്ള കോഴ്സുകളിൽ ടി കോഴ്സ് ഉൾപ്പെട്ടിട്ടില്ല എന്നും ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട അപേക്ഷകയ്ക്ക് പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച് ലാപ്ടോപ് അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട കുമാരി. നിവേദ്യ ആനന്ദിന് പരാമർശം(2) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച് ലാപ്ടോപ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. കുമാരി. നിവേദ്യ ആനന്ദ്, തേമ്പാവുംമൂട്ടിൽ, അടിച്ചിപ്പുഴ, പത്തനംതിട്ട
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ) കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Lizy Susan John
സെക്ഷൻ ഓഫീസർ
Date: 14-11-2024 16:09:50

<u>പകർപ്പ്</u>

1. ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസന വകുപ്പ് മന്ത്രിയുടെ പിഎസ്
2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ
3. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ